DESPATCHED
On 5/5/2022


# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in


## ഹർജി നമ്പർAP.No.1003(5)/20/SIC
## തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
## File No. 6658/SIC-G7/2020

സന്നിഹിത
ശ്രീമതിശ്രീലതപി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ
ഉത്തരവ്തീയതി : 30.03.2022

ശ്രീ.ഷൈജു എസ്.ആർ.,
കുന്നുംപുറത്ത് വീട്, ലയൺസ് ക്ലബ്ബിന് സമീപം,
കല്ലമ്പലം പി.ഒ, കല്ലമ്പലം – 695 605. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   ഗവ.എച്ച്.എസ്.എസ്, മൈലച്ചൽ,
   ആര്യങ്കോട്, തിരുവനന്തപുരം.

2. അപ്പീൽഅധികാരി,
   ജില്ലാ വിദ്യാഭ്യാസ ഓഫീസ്,
   നെയ്യാറ്റിൻകര.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ തീയതി | 07.02.2020 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെമറുപടി | NIL |
| ഒന്നാംഅപ്പീൽ | 11.03.2020 |
| അപ്പീൽ അധികാരിയുടെതീരുമാനം | NIL |
| രണ്ടാംഅപ്പീൽസമർപ്പിച്ച തീയതി | 24.06.2020 |
| ഹിയറിംഗ്തീയതി, സ്ഥലം | 12.01.2022 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 07.02.2020 ലെ വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, മൈലച്ചൽ ജി.എച്ച്.എസ്.എസിൽ നിന്നും എച്ച്.എസ്.എ മാത്തമറ്റിക്സ് തസ്തികയിൽ ഒരു അദ്ധ്യായന വർഷം 2020 മാർച്ച് മുതൽ 2021 ജൂൺ 30 വരെ എത്ര അധ്യാപകർ വിരമിക്കുന്നുണ്ട്, ആയതിന്റെ വിശദവിവരം ലഭ്യമാക്കുമോ എന്നതുമായി ബന്ധപ്പെട്ട് 4 ഇനവിവരങ്ങളായിരുന്നു. പ്രസ്തുത അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. നൽകിയ മറുപടി തൃപ്തികരമല്ലെന്ന് ആരോപിച്ചുകൊണ്ട് ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ സമർപ്പിച്ചെങ്കിലും അതിനും യാതൊരു നടപടിയും

D/C

ഉണ്ടായില്ലെന്ന് പരാതിപ്പെട്ടുകൊണ്ടാണ് ഈ അപ്പീൽ ഹർജി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചത്.

2. അപ്പീൽ ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ചുവെന്ന് പറയുന്ന അപേക്ഷ പ്രസ്തുത ഓഫീസിൽ ലഭ്യമായതായി കാണുന്നില്ലെന്നും ഒന്നാം അപ്പീൽ അധികാരിയായ നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഓഫീസിൽ നിന്നും യാതൊരു കത്തുകളും പ്രസ്തുത ഓഫീസിൽ ലഭിച്ചിട്ടില്ലെന്നും നിലവിൽ അപേക്ഷകൾ പരിശോധച്ചതിൽ നിന്നും മൈലച്ചൽ ഗവ.ഹയർ സെക്കന്ററി സ്കൂളിൽ 2012-2013 അധ്യായന വർഷം മുതൽ 20-22 വർഷം വരെ എച്ച്.എസ്എ ഗണിത അധ്യാപകരുടെ വിരമിക്കൽ ഒഴിവുകൾ ഒന്നുംതന്നെയില്ലെന്നും നിലവിൽ സേവനമനുഷ്ഠിക്കുന്ന ഗണിതാദ്ധ്യാപകരുടെ വിരമിക്കൽ തീയതി 31.05.2038, 31.05.2041 എന്നിങ്ങനെയാണെന്നും, അറിഞ്ഞുകൊണ്ട് ഒരു വീഴ്ചയും വരുത്തിയിട്ടില്ലെന്നും എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

3. അപ്പീൽ ഹർജിയും, ഒന്നാം എതിർകക്ഷിയുടെ മൊഴിയും റിപ്പോർട്ടും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷ ലഭ്യമാകാത്തതിനാലാണ് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുവാൻ കഴിയാത്തതെന്ന എസ്.പി.ഐ.ഒ യുടെ മൊഴി കമ്മീഷന് അംഗീകരിക്കാവുന്നതാണെങ്കിലും ഹർജിക്കാരന് വിവരം ഇപ്പോഴും ആവശ്യമാണെങ്കിൽ അപേക്ഷയുടെ പകർപ്പ് എസ്.പി.ഐ.ഒ മുമ്പാകെ ഹാജരാക്കേണ്ടതും വിവരം തൃപ്തികരമല്ലാത്ത സാഹചര്യത്തിൽ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഒരിക്കൽകൂടി ടിയാന് സൗജന്യമായി ലഭ്യമാക്കേണ്ടതുമാണ്. ഇപ്രകാരം ടി അപ്പീൽ ഹർജി ഇന്നേ ദിവസം 2021 മാർച്ച് മാസം 30- ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

Sd/-

**കമ്മീഷൻ സെക്രട്ടറി**
Jn